മാർക്കറിംഗ് ഫെഡറേഷൻ കൊപ്രവാങ്ങിയതുമൂലമുണ്ടായ നഷ്ടം

806. ശ്രീമതി കെ. ആർ. ഗൗരി :
ശ്രീ. കെ. പി. അരവിന്ദാക്ഷൻ :
,, വർക്കല രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാർക്കറിംഗ് ഫെഡറേഷൻ എന്തു വില വച്ചാണ് കൊപ്ര വാങ്ങുന്നത് ;

(ബി) ഫെഡറേഷൻ കൊപ്ര വാങ്ങിയതിൽ എന്തെങ്കിലും നഷ്ടമുണ്ടായിട്ടുണ്ടോ ;

(സി) എങ്കിൽ എത്ര ?

ഉത്തരം

(എ) ക്വിൻറാലിന് 1,200 രൂപ.

(ബി, സി) നഷ്ടം കണക്കാക്കി വരുന്നതേയുള്ളു.

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ പ്രിൻറിംഗ്

807. ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷിവകുപ്പിൽ ഫാം ഇൻഫർമേഷൻ ബ്യൂറോയ്ക്കുവേണ്ടി സ്ഥാപിച്ചിരിക്കുന്ന ഓഫ്സെറ്റ് പ്രിൻറിംഗ് പ്രസ്സ് 1983 മുതൽ പ്രവർത്തനരഹിതമായ വിവരം സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിൻെറ വില എത്രയാകുമെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൻെറ അറകുറപ്പണികൾ തീർത്ത് പ്രവർത്തനക്ഷമമാക്കാൻ വേണ്ട ചെലവ് എത്രയെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ;

(സി) പ്രസ്തുത പ്രസ്സുകളുടെ അറകുറപ്പണി തീർത്ത് പ്രവർത്തനക്ഷമമാക്കാതിരിക്കുന്നത് എന്തുകൊണ്ടാണ് ; ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്, വളരെ പഴയ യന്ത്രങ്ങളാകയാൽ വിലയെന്തെന്ന് ഇപ്പോഴും അറിവില്ല.

(ബി) പ്രസ്സ് നന്നാക്കുന്നതിന് 36,500 രൂപ വേണ്ടിവരുമെന്ന് ഗവൺമെൻറ് പ്രസ്സ് സൂപ്രണ്ട് അറിയിച്ചിട്ടുണ്ട്.

(സി) വളരെ പഴക്കം ചെന്ന യന്ത്രങ്ങളാകയാൽ ഭാരിച്ച തുക ചെലവാക്കി നന്നാക്കണമോ എന്ന കാര്യം പരിശോധിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly